(എച്ച്) പ്രസ്തുത പദ്ധതി ശാസ്ത്രീയമായും സാമ്പത്തികമായും പാരിസ്ഥിതികമായും ആശാസ്യമല്ല എന്ന ആക്ഷേപങ്ങളെപ്പറ്റി സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 16 പദ്ധതികൾ പൂർത്തിയാക്കി 11 പദ്ധതികളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. മറ്റു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) നെല്ല് - 17,900 ഹെക്ടർ

മറ്റുനാണ്യവിളകൾ - 12,757 ഹെക്ടർ

പ്ലാന്റേഷൻ വിളകൾ - 7,080 ഹെക്ടർ 196% ഉൽപ്പാദന വർദ്ധനവും 60 കോടിയുടെ സാമ്പത്തിക മൂല്യവും പ്രതീക്ഷിക്കുന്നു.

(ജി) 330.72 കോടി രൂപ ചെലവഴിച്ചു. 142.697 കി. മീ. പൂർത്തീകരിച്ചു.

(എച്ച്) ഇത്തരം ആക്ഷേപങ്ങളെപ്പറ്റി അറിയില്ല, ശാസ്ത്രീയമായും സാമ്പത്തികമായും പാരിസ്ഥിതികമായും ഉള്ള എല്ലാവശങ്ങളും പരിശോധിച്ചശേഷമാണ് കേന്ദ്ര സർക്കാർ ഈ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുള്ളത്.

വൻകിട-ഇടത്തരം ജലസേചന പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുക

22 (1703) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷത്തെ വൻകിട-ഇടത്തരം ജലസേചന പദ്ധതികൾക്കു വേണ്ടി എന്തു തുക നീക്കിവെച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കുവേണ്ടി ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതികളുടെ എത്രശതമാനം പണി ഇതിനകം തീർത്തിട്ടുണ്ടെന്ന് പറയാമോ ;

(ഡി) പ്രസ്തുത തുകകൂടി ചെലവഴിക്കുമ്പോൾ ബന്ധപ്പെട്ട ജലസേചന പദ്ധതികളുടെ എത്രശതമാനം പണിപൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പറയാമോ ?

ഉത്തരം

(എ) നടപ്പുവർഷത്തെ ബഡ്ജറ്റിൽ വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കായി 9,150 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ഓരോ പദ്ധതിക്കും നീക്കിവെച്ചിട്ടുള്ള തുക താഴെ കൊടുക്കുന്നു.

പദ്ധതി	തുക(ലക്ഷത്തിൽ)
1. കുരിയാർകുറ്റി - കാരപ്പാറ	100.00
2. ബാണാസുരസാഗർ	300.00
3. കാരാപ്പുഴ	800.00
4. റഗുലേറ്റർ കം ബ്രിഡ്ജ്, ചാമ്രവട്ടം	50.00
5. റഗുലേറ്റർ കം ബ്രിഡ്ജ് തൃത്താല	1,000.00
6. ഇടമലയാർ	70.00
7. മൂവാറ്റുപുഴവാലി	4,800.00
8. വൈന്റ് അപ് പദ്ധതികൾ (പഴശ്ശി, കാഞ്ഞിരപ്പുഴ, കല്ലട)	1,400.00
ആകെ	9,150.00

(സി) ഓരോ പദ്ധതിയുടെ പണി താഴെ പറയും പ്രകാരം പൂർത്തിയായിട്ടുണ്ട്.

പദ്ധതി	പണി പൂർത്തിയായത് ശതമാനത്തിൽ
1. കുരിയാർകുറ്റി - കാരപ്പാറ	50.00
2. ബാണാസുരസാഗർ	18.34
3. കാരാപ്പുഴ	80.00
4. റഗുലേറ്റർ കം ബ്രിഡ്ജ് ചാമ്രവട്ടം	പ്രാരംഭദശയിൽ
5. റഗുലേറ്റർ കം ബ്രിഡ്ജ് തൃത്താല	76.00
6. ഇടമലയാർ (മെയിൻ കനാൽ)	25.5
7. മൂവാറ്റുപുഴവാലി (വലതുകര മെയിൻ കനാൽ)	63.00

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ പദ്ധതിയുടെയും പണി പൂർത്തീകരിക്കാവുന്ന വിവരം ശതമാന നിരക്കിൽ താഴെ കൊടുക്കുന്നു.

പദ്ധതി	പൂർത്തിയാവുന്ന പണിയുടെ ശതമാനം
1. കുരിയാർകുറ്റി	60
2. ബാണാസുരസാഗർ	24.45
3. കാരാപ്പുഴ	82
4. റഗുലേറ്റർ കം ബ്രിഡ്ജ്, ചാമ്രവട്ടം	പദ്ധതി ബി.ഒ.റ്റി.വ്യവസ്ഥയിൽ പൂർത്തിയാക്കുന്നതിന് ഒരു സ്വതന്ത്ര അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്
5. റഗുലേറ്റർ കം ബ്രിഡ്ജ് തൃത്താല	85%
6. ഇടമലയാർ (മെയിൻ കനാൽ)	28%
7. മൂവാറ്റുപുഴവാലി	90%

(ഇ)

പദ്ധതി	കമ്മീഷൻ ചെയ്യാൻ പ്രതീക്ഷിക്കുന്ന വർഷം
1. കുരിയാർകുറ്റി-കാരപ്പാറ	2004-2005-ൽ
2. ബാണാസുരസാഗർ	മാർച്ച്, 2006-ൽ
3. കാരാപ്പുഴ	2005-ൽ
4. റഗുലേറ്റർ കം ബ്രിഡ്ജ് ചാമ്രവട്ടം	ബാധകമല്ല.
5. റഗുലേറ്റർ കം ബ്രിഡ്ജ് തൃത്താല	2005-ൽ
6. ഇടമലയാർ	2007-ൽ
7. മൂവാറ്റുപുഴവാലി	2004-ൽ

കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട നിവേദനങ്ങൾ

23 (1704) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപ്പാറ പഞ്ചായത്തിലെ ചെറുകുന്ന് പ്രദേശത്തെ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly